കേരള സർക്കാർ

# വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത്
# 2014-15 & 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1597/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി :01.10.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് – 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയും 3-ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1597/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 01.10.2016

# എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 28-01-2015 മുതൽ 25-08-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സുദർശനൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-08-2016 മുതൽ 01-09-2016 വരെ<br>03-09-2016 മുതൽ 06-09-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.എ. മൈക്കിൾ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പി. ജെ.പ്രസൂൺ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോസ് ഫിജോയ് വി.ജെ., ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനം / ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | അഡ്വ.സൗജത്ത് അബ്ദുൾ ജബ്ബാർ | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ18.11.2015വരെ |
| | ഡോ.കെ.കെ. ജോഷി | 19.11.2015മുതൽ31.03.2016വരെ |
| വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | സി.ഡി ദേശികൻ | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | തുളസി സോമൻ | 12.11.2015മുതൽ31.03.2016വരെ |
| വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | മിനി ദിലീപ് | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | പി.വി.ലൂയിസ് | 12.11.2015മുതൽ31.03.2016വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | പി.എൻ തങ്കരാജ് | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | സുജാത ചന്ദ്രബോസ് | 12.11.2015മുതൽ31.03.2016വരെ |
| ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | പ്രഷീല ഇമ്മാനവൽ ബാബു | 01.04.2014മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | എ.എൻ ഉണ്ണികൃഷ്ണൻ | 12.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | എം.പി.രാജൻ നായർ | 01.04.2014മുതൽ05.09.2014FNവരെ |
| | ഷീല ബെർണാർഡ് റീത്ത | 05.09.2014ANമുതൽ17.09.2014FNവരെ |
| | ജസ്റ്റിൻ പി.എ. | 17.09.2014ANമുതൽ26.09.2014വരെ |
| | കെ.എസ്.സുരേന്ദ്രകുമാർ | 27.09.2014മുതൽ04.02.2015FNവരെ |
| | വി.തങ്കപ്പൻ ആചാരി | 04.02.2015ANമുതൽ21.12.2015FNവരെ |
| | കെ.പി.രഘുനാഥൻ | 21.12.2015ANമുതൽ31.03.2016വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എൻ.സി.ഷാജി | 01.04.2014മുതൽ31.03.2016വരെ |
| പട്ടികജാതി വികസന ഓഫീസർ | കൃഷ്ണകുമാർ എസ്. | 01.04.2014മുതൽ31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ദിവ്യ | 01.04.2014മുതൽ23.09.2015FNവരെ |
| | ശ്രീ.ശശി ടി.എസ് | 23.09.2015ANമുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി , ഞാറക്കൽ | ഡോ.അപ്പ സിറിയക്ക് | 01.04.2014മുതൽ31.10.2014വരെ |
| | ഡോ.ജയ പി.എസ്. | 01.11.2014മുതൽ04.11.2014വരെ |
| | | 01.02.2015മുതൽ31.03.2015വരെ |
| | ഡോ.ചന്ദ്രശേഖർ.എൻ | 05.11.2014മുതൽ31.01.2015വരെ |
| | | 12.05.2015മുതൽ21.05.2015വരെ |
| | ഡോ.ജിസ്സ മുഹമ്മദ് പി. | 01.04.2015മുതൽ11.05.2015വരെ |
| | ഡോ.എം.കെ വിമല | 22.05.2015മുതൽ31.03.2016വരെ |
| സി.ഡി.പി.ഒ , ഐ.സി.ഡി.എസ് ഞാറക്കൽ | ശ്രീമതി.അന്നം പി.ജെ | 01.04.2014മുതൽ31.05.2015വരെ |
| | ഹാരിഫ പി.എം | 01.06.2015മുതൽ04.08.2015വരെ |
| | മറിയം ബീവി ഒ.എം | 05.08.2015മുതൽ31.03.2016വരെ |
| കൃഷി, അസിസ്റ്റന്റ് ഡയറക്ടർ , ഞാറക്കൽ | ശ്രീമതി.ലിജി ജോൺ | 01.04.2014മുതൽ09.07.2015വരെ |
| | ശ്രീമതി.അനിതകുമാരി.വി. | 10.07.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **- 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| | ഭാഗം **- 2**<br>ഇല്ല | |
| | ഭാഗം **- 3** | |

| | | |
|---|---|---|
| 7 | പ്രവൃത്തിയുടെ യഥാർത്ഥ അളവിനേക്കാൾ അധിക അളവിന് തുക നൽകി – നഷ്ടം ₹.7,404/- | 3-1 |
| 8 | എസ്റ്റിമേറ്റ് പുതുക്കാതെ അധിക പ്രവൃത്തിക്ക് തുക നൽകി – നഷ്ടം ₹.7,436/- | 3-2 |
| 9 | പ്ലാസ്റ്ററിംഗിന് അധിക നിരക്ക് അനുവദിച്ചു – നഷ്ടം ₹.2,853/- | 3-3 |
| 10 | കരിങ്കൽപ്പൊടി ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധികനിരക്ക് അനുവദിച്ചു – നഷ്ടം ₹.8,319/- | 3-4 |
| 11 | ചട്ടപ്രകാരം നെഗോഷ്യേറ്റ് ചെയ്യാതെ റീ-ടെണ്ടറിലെ കൂടിയ നിരക്ക് അംഗീകരിച്ചു. | 3-5 |
| 12 | വൗച്ചറുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. | 3-6 |
| 13 | മുൻകൂർ ക്രമപ്പെടുത്തിയിട്ടില്ല | 3-7 |
| | ഭാഗം **– 4** | |
| 14 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 15 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 16 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 17 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 18 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 19 | ഓഡിറ്റ് റിക്കവറി | 4-6 |
| 20 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 21 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 22 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 23 | ഓഡിറ്റ് സാക്ഷ്യപത്രം – 2014-15 | അനുബന്ധം.1 |
| 24 | ഓഡിറ്റ് സാക്ഷ്യപത്രം – 2015-16 | അനുബന്ധം.2 |
| 25 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2014-15 | അനുബന്ധം.3 |
| 26 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2015-16 | അനുബന്ധം.4 |
| 27 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.5 |
| 28 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.6 |
| 29 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.7 |
| 30 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

(എ) ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | തീരുമാന നമ്പർ |
|---|---|---|
| 2014-15 | 22.02.2014 | 021/2014 |
| 2015-16 | 23.03.2015 | 248/2014 |

(ബി) ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെയും യഥാർത്ഥ വരവ്-ചെലവുകളുടെയും വിവരം താഴെ ചേർക്കുന്നു.

| | 2014-15 | | 2015-16 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| ബജറ്റ് പ്രകാരം | 26,41,93,060 | 26,47,58,702 | 27,19,91,517 | 27,02,19,935 |
| ധനകാര്യ പത്രിക പ്രകാരം | 8,01,91,677 | 6,68,30,087 | 7,84,08,427 | 8,37,01,125 |
| വ്യത്യാസം | 18,40,01,383 | 19,79,28,615 | 19,35,83,090 | 18,65,18,810 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്, ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.07.2015 | 31.07.2015 |
| 2015-16 | 31.07.2016 | 09.08.2016 |

1997 കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 11(1) പ്രകാരം വാർഷിക ധനകാര്യ പത്രിക സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16വർഷത്തെ ധനകാര്യ പത്രിക യഥാസമയം ഓഡിറ്റിന് സമർപ്പിച്ചിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

# 1-3 സാമ്പത്തിക വിശകലനം

| വർഷം | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 29525404 | 42886994 |
| വരവ് | 80191677 | 78408427 |
| ആകെ | 109717081 | 121295421 |

| | | |
|---|---|---|
| ചെലവ് | 66830087 | 83701125 |
| നീക്കിയിരിപ്പ് | 42886994 | 37594296 |

# 1-4 ഫണ്ട് വിനിയോഗം

| 2014-15 | | | | | | |
|---|---|---|---|---|---|---|
| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
| വികസനഫണ്ട് പൊതുവിഭാഗം | 91506 | 21691500 | 21783006 | 15184284 | 6598722 | 69.70% |
| വികസനഫണ്ട് എസ്.സി.പി. | 38973 | 10090000 | 10128973 | 5982835 | 4146138 | 59.07% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 97000 | 97000 | 97000 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 330085 | 3134000 | 3464085 | 248894 | 3215191 | 7.18% |
| ടോട്ടൽ സാനിട്ടേഷൻ (ടി.എസ്.സി) | 947076 | 176065 | 1123141 | 39586 | 1083555 | 3.52% |
| സാക്ഷരത | 40640 | 1642 | 42282 | 0 | 42282 | 0% |
| എസ്.ജി. എസ്.വൈ | 143200 | 7515 | 150715 | 150715 | 0 | 100% |
| ഐ.ഡബ്ള്യ. എം.പി | 589792 | 9946524 | 10536316 | 10339393 | 196923 | 98.13% |
| ഐ.എ.വൈ | 23691825 | 37597214 | 61289039 | 38123464 | 23165575 | 62.2% |

| 2015-16 | | | | | | |
|---|---|---|---|---|---|---|
| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
| വി.പി.എഫ്.എ I | 2911039 | 3189943 | 6100982 | 3234603 | 2866379 | 53% |
| വികസനഫണ്ട് പൊതുവിഭാഗം | 6598722 | 14789171 | 21387893 | 21387893 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 4146138 | 6656729 | 10802867 | 10802867 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 97000 | 97000 | 97000 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3215191 | 2407573 | 5622764 | 5622764 | 0 | 100% |
| ടോട്ടൽ സാനിട്ടേഷൻ (ടി.എസ്.സി) | 1083555 | 1581907 | 2665462 | 1258755 | 1406707 | 47.22% |
| സാക്ഷരത | 42282 | 1708 | 43990 | 0 | 43990 | 0% |
| എസ്.ജി. എസ്.വൈ | 0 | 13047 | 13047 | 10000 | 3047 | 76.64% |
| ഐ.ഡബ്ള്യു. എം.പി | 196923 | 10904354 | 11101277 | 10941315 | 159962 | 98.56% |
| ഐ.എ.വൈ | 23165575 | 61240861 | 84406436 | 52954452 | 31451984 | 62.73% |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു :-

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 58 | 27452000 | 40 | 1870336 | - | 18 | 68.13 |
| 2015-16 | 81 | 38196860 | 67 | 32287760 | - | 14 | 84.52 |

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | 2014-15 | 16.06.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | 2013-14 | 13.08.2015 |

# ഭാഗം - 2
## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം-3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തിയുടെ യഥാർത്ഥ അളവിനേക്കാൾ അധിക അളവിന് തുക നൽകി - നഷ്ടം ₹.7,404/-

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.039/15 |
| പ്രവൃത്തിയുടെ പേര് | എടവനക്കാട് ഗ്രാമ പഞ്ചായത്തിലെ അണിയിൽ കിഴക്ക് എസ്.സി.കോളനി സമഗ്ര വികസനം |
| അടങ്കൽ | 10,00,000 രൂപ |
| കരാറുകാരൻ | ശ്രീ. എം.ഡി.സാബു |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| ഭരണാനുമതി | 28-05-2014 ലെ 66/14-ാം നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | 22-07-2015 ലെ നമ്പർ 19/AEE/VBP/14-15 |
| അളവ് പുസ്തകം | 12/AEE/VBP/14-15 |
| ചെലവ് വിവരം | ട്രഷറി ബിൽ 2/15-16 തീയതി 22.06.2015 |

അളവ് പുസ്തകം പേജ് 5ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിയുടെ 2-ാം ഇനമായി ചെയ്തിരിക്കുന്ന കരിങ്കൽ കെട്ട് പ്രവൃത്തിയിൽ വൈപ്പിത്തറ കാർത്ത്യായനിയുടെ വീടിന്റെ തെക്ക് വശത്തുള്ള പ്രവൃത്തിയുടെ അളവ് 1.04 എം.3 ആണ് (1X2.3X0.5X0.90). എന്നാൽ ഇത് 4.04 എന്ന് തിരുത്തി ആകെ അളവ് 309.48എം.3 എന്ന് കണക്കാക്കി രൂപ 2468/എം നിരക്കിൽ 7,63,797/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ 306.48 എം.3 അളവിന് 7,56,393 രൂപയാണ് നൽകാവുന്നത്. അതിനാൽ കരാറുകാരന് 7,404 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് 06-09-2016 ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ കണക്കുകൂട്ടലിൽ വന്ന പിശക് മൂലമാണ് 7,404/- രൂപ അധികം നൽകാൻ ഇടയായതെന്ന് വിശദീകരിച്ചിട്ടുണ്ട്. അധികം നൽകിയ 7,404/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതും അംഗീകരിക്കപ്പെട്ട അളവ് തിരുത്തി അധിക അളവിന് തുക നൽകിയതിന് വിശദീകരണം നൽകുകയും ചെയ്യേണ്ടതാണ്.

## 3-2 എസ്റ്റിമേറ്റ് പുതുക്കാതെ അധിക പ്രവൃത്തിക്ക് തുക നൽകി - നഷ്ടം ₹.7,436/-

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.045/15 |
| പ്രവൃത്തിയുടെ പേര് | പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലെ യക്ഷിത്തറ കിഴക്ക് വശം കോൺക്രീറ്റ് നടപ്പാതയും കാനയും |
| അടങ്കൽ | 6,00,00രൂപ |
| കരാറുകാരൻ | വി.എസ്.രാജീവ് |
| ഭരണാനുമതി | 28-05-14 ലെ 66-ാം നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | 15-10-14 ലെ 22/VBP/14-15 |
| അളവ് പുസ്തകം | 7/AEE/VBP/14-15 |
| ടെണ്ടർ നിരക്ക് | 9.74% കുറവ് |
| ചെലവ് വിവരം | ട്രഷറി ബിൽ 14/14-15 തീയതി 30-03-2015 |

അളവ് പുസ്തകം പേജ് 28 ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിയുടെ 8-ാം ഇനമായി ചെയ്തിരിക്കുന്നത് 7.05 ക്വിന്റൽ അളവിൽ പ്രബലിത കോൺക്രീറ്റിംഗിനുള്ള സ്റ്റീൽ വർക്കാണ്. ഇതിന് ക്വിന്റലിന് 7,290 രൂപ നിരക്കിൽ 51,395 രൂപ നൽകിയിട്ടുണ്ട്. ചെയ്ത പ്രവൃത്തിയുടെ അളവ് 9.24 ക്വിന്റൽ ആണെങ്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള 5.64 ക്വിന്റൽ അളവിന്റെ 25% കൂടി ചേർത്ത അളവിൽ നിജപ്പെടുത്തിയാണ് 7.05 ക്വിന്റൽ അളവിന് തുക നൽകിയത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടത്തി വരവെ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിലെ അളവിൽ കൂടുതലായി ചെയ്യേണ്ടി വരുന്ന പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അതിന് ഒറിജിനൽ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ അധികാര സ്ഥാനങ്ങളിൽ നിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. സാങ്കേതികാനുമതി ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും മാറ്റം വരുത്തൽ ആവശ്യമായി വരുന്ന സംഗതിയിലും എസ്റ്റിമേറ്റിൽ 5% അധികരിച്ചാലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് സർക്കാർ ഉത്തരവ് (പി) നമ്പർ 13/2012 തീയതി 01-02-2012 മുഖേന പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 1601.1.6 പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. ആയതിനാൽ പ്രബലിത കോൺക്രീറ്റിംഗിനുള്ള സ്റ്റീൽ വർക്കിന്റെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 5.64 ക്വിന്റൽ അളവിന്റെ 5% അധികരിച്ച 5.92 ക്വിന്റൽ അളവ് പ്രവൃത്തിയിൽ നിജപ്പെടുത്തി 7290 രൂപ /ക്വിന്റൽ നിരക്കിൽ 43,157 രൂപയാണ് ഈയിനത്തിൻ തുക അനുവദിക്കാവുന്നത്. അതിന് പകരം 7.05 ക്വിന്റൽ അളവിന് 51,395 രൂപ അനുവദിച്ചിട്ടുള്ളതിനാൽ 7,436/- രൂപ (8238 രൂപയുടെ 9.74% ടെണ്ടർ കുറവ്) ഈ പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 30.08.2016ൽ നൽകിയ രണ്ടാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 06.09.2016ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടിയിൽ ഈ പ്രവൃത്തി ഭരണാനുമതി തുകയിൽ അധികരിക്കാതെയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കാൻ വിട്ടുപോയതാണ് എന്നുമാണ് പറഞ്ഞിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ലാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കാതെ അധിക പ്രവൃത്തിക്ക് നൽകിയ 7,436/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുകയോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വസൂലാക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 പ്ലാസ്റ്ററിംഗിന് അധിക നിരക്ക് അനുവദിച്ചു - നഷ്ടം ₹.2,853/-

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.074/16 |
| പ്രവൃത്തിയുടെ പേര് | നായരമ്പലം ഗ്രാമ പഞ്ചായത്തിലെ 15-ാം വാർഡിൽ സീഷോർ റോഡ് നിർമ്മാണം |
| അടങ്കൽ | 5,00,00രൂപ |
| കരാറുകാരൻ | ശ്രീ. ഇ.വി.ഉണ്ണികൃഷ്ണൻ |
| ടെണ്ടർ നിരക്ക് | 11.34% കുറവ് |
| ഭരണാനുമതി | 19-05-15 ലെ 01(2) 2015-16-ാം നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | 22-07-2015 ലെ നമ്പർ 41/AEE/VBP/15-16 |
| അളവ് പുസ്തകം | 03/AEE/VBP/14-15 |
| ചെലവ് വിവരം | ട്രഷറി ബിൽ 12/15-16 തീയതി 12-02-2016 |

അളവ് പുസ്തകം പേജ് 30 ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിയുടെ 24-ാം ഇനമായി ചെയ്തിരിക്കുന്നത് 123.78ചതുരശ്ര മീറ്റർ അളവിൽ 1:3 അനുപാതത്തിൽ 9 എം.എം. കനത്തിൽ സിമന്റ് മോർട്ടാർ ഉപയോഗിച്ചുള്ള പ്ലാസ്റ്ററിംഗാണ്. ഇതിന് ചതുരശ്ര മീറ്ററിന് 213.3 രൂപ നിരക്കിൽ 26,402രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഡെൽഹി ഷെഡ്യൂൾ നിരക്കിലെ കോഡ് നമ്പർ 13.16.1 പ്രകാരം 1:3 അനുപാതത്തിൽ 6 എം.എം.കനത്തിലുള്ള പ്ലാസ്റ്ററിംഗാണ് അനുവദിച്ചിട്ടുള്ളത്. 2014 ലെ ഡെൽഹി റേറ്റ് അനലൈസ് വാല്യം 2 പ്രകാരം ഇതിന്റെ നിരക്ക് 134.70 രൂപയാണ്. എറണാകുളം ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡെക്സ് 1.3905 ചേർത്ത് ഇതിന് യഥാർത്ഥത്തിൽ അനുവദിക്കാവുന്ന നിരക്ക് രൂപ 187.30/എം.2 ആണ്. അതനുസിച്ച് ഈ പ്രവൃത്തിക്ക് 123.78 എം.2 ന് 23184 രൂപ മാത്രമാണ് നൽകാവുന്നത്. അതിന് പകരം 26402 രൂപ നല്കിയിട്ടുള്ളതിനാൽ ടെണ്ടർ കുറവ് കിഴിച്ച് 2853 രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 03.09.2016 ലെ മൂന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് എ.എക്സ്.ഇ. നല്കിയ മറുപടിയിൽ, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ അനുവദിച്ച് നൽകിയ പുതുക്കിയ ഡാറ്റ പ്രകാരമാണ് പ്ലാസ്റ്ററിംഗിന് 9എം.എം കനം അനുവദിച്ചിട്ടുള്ളത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഡി.എസ്.ആർ മാർഗ്ഗനിർദ്ദേശങ്ങളിൽ ഈ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ 6 എം.എം. കനം ആയിരിക്കെ അതിന് പകരം 9 എം.എം. കനം നൽകി പുതുക്കിയ ഡാറ്റ തയ്യാറാക്കുന്നത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 2853രൂപ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-4 കരിങ്കൽപ്പൊടി ഉപയോഗിച്ചുള്ളഫില്ലിംഗിന് അധിക നിരക്ക് അനുവദിച്ചു - നഷ്ടം ₹.8,319/-

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.085/16 |
| പ്രവൃത്തിയുടെ പേര് | ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ 16-ാം വാർഡിൽ സൈഡ് കെട്ടലും 15-ാം വാർഡിലെ ജനത റോഡ് ടാറിംഗും |
| അടങ്കൽ | 5,00,00രൂപ |

| | |
|---|---|
| കരാറുകാരൻ | ശ്രീ. വി.പി.ഷാജി |
| ടെണ്ടർ നിരക്ക് | 8.211% കുറവ് |
| ഭരണാനുമതി | 19-05-15 ലെ 01(2) 2015-16-ാം നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | 22-07-2015 ലെ നമ്പർ 43/AEE/VBP/15-16 |
| അളവ് പുസ്തകം | 13/AEE/VBP/15-16 |
| ചെലവ് വിവരം | ട്രഷറി ബിൽ 22/15-16 തീയതി 26-03-2016 |

അളവ് പുസ്തകം പേജ് 18ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിയുടെ 6-ാം ഇനമായി ചെയ്തിരിക്കുന്നത് 51.75ഘനമീറ്റർ അളവിൽ കരിങ്കൽപൊടി ഉപയോഗിച്ചുള്ള ഫില്ലിംഗാണ്. ഇതിന് ഘനമീറ്ററിന് 1196 രൂപ നിരക്കിൽ 61893രൂപ നൽകിയിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ പ്രകാരം തയ്യാറാക്കിയ രൂപ 734.17/എം3എന്ന നിരക്കിന്മേൽ കോസ്റ്റ് ഇൻഡക്സ് ആയി 461.83രൂപ കൂടി ചേർത്താണ് ഈ നിരക്ക് കണക്കാക്കിയിരിക്കുന്നത്. എന്നാൽ സി.പി.ഡബ്ല്യു.ഡി. അംഗീകരിച്ച എറണാകുളത്തിന്റെ കോസ്റ്റ് ഇൻഡക്സ് 1.3905 ആയതിനാൽ ഈയിനം പ്രവൃത്തിക്ക് രൂപ 1020.86/എം.3 നിരക്കാണ് അനുവദനീയം. അതനുസരിച്ച് 51.75എം3 ന് 52830രൂപ മാത്രമാണ് കരാറുകാരന് നൽകാവുന്നത്. അതിന് പകരം 61893 രൂപ നൽകിയിട്ടുള്ളതിനാൽ ടെണ്ടർ കുറവ് കിഴിച്ച് 8,319/- രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 05.09.2016 ലെ ഏഴാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ മോഡിഫൈഡ് ഒബ്സർവ്ഡ് ഡാറ്റ പ്രകാരമാണ് ഈ നിരക്ക് അനുവദിച്ചിട്ടുള്ളതെന്നാണ് പറഞ്ഞിട്ടുള്ളത്. ഡി.എസ്.ആറിൽ ഉൾപ്പെട്ട ഒരിനം പ്രവൃത്തിക്ക് പുതുക്കിയ ഉയർന്ന നിരക്ക് അനുവദിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 8,319/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 ചട്ടപ്രകാരം നെഗോഷ്യേറ്റ് ചെയ്യാതെ റീ-ടെണ്ടറിലെ കൂടിയ നിരക്ക് അംഗീകരിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.038/15 |
| പ്രവൃത്തിയുടെ പേര് | നായരമ്പലം ഗ്രാമ പഞ്ചായത്തിലെ നികത്തിൽ തറ അംബേദ്കർ കോളനി സമഗ്ര വികസനം |
| അടങ്കൽ | 10,00,000 രൂപ |
| കരാറുകാരൻ | പി.ആർ.സാബു |
| ഭരണാനുമതി | 28-05-14 ലെ 66-ാം നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | 15-10-14 ലെ 18/VBP/14-15 |
| അളവ് പുസ്തകം | 2/AEE/VBP/14-15 |
| ചെലവ് വിവരം | ട്രഷറി ബിൽ 16/14-15 തീയതി 31-03-2015 |

വൈപ്പിൻ ബ്ലോക്കിലെ നായരമ്പലം ഗ്രാമപഞ്ചായത്തിലെ എസ്.സി. കോളനി, അംബേദ്കർ കോളനി എന്നിവിടങ്ങളിലെ എസ്.സി.കുടുംബങ്ങൾക്ക് ചുറ്റിലും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാണ് 2012 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 04-12-2014 ൽ 06/AEE/14-15 നമ്പർ ആയി ഈ പ്രവൃത്തിക്ക്

ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. പി.ആർ.സാബുവിന്റെ 8.50% കുറവ് രേഖപ്പെടുത്തിയ ഒരു ടെണ്ടർ മാത്രം ലഭ്യമായതിനാൽ 22-12-2014 ൽ വീണ്ടും ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ച് അദ്ദേഹത്തിന്റെ തന്നെ 4.75% കുറവ് നിരക്കിലുള്ള സിംഗിൾ ടെണ്ടർ അംഗീകരിക്കുകയാണുണ്ടായത്.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ടെണ്ടർ നിരക്ക് സ്വീകാര്യമല്ലെന്ന് തോന്നുകയോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതും ഉപചട്ടം 2 പ്രകാരം റീ ടെണ്ടറിൽ നിരക്ക് സ്വീകാര്യമല്ലെങ്കിൽ പഞ്ചായത്തിന്റെ അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്യാവുന്നതുമാണ്. ഈ പ്രവൃത്തി റീ ടെണ്ടർ നടത്തുന്നതിന് തീരുമാനിച്ച ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 19-12-2014 ലെ 206/14 -ാം നമ്പർ തീരുമാനത്തിൽ, സിംഗിൾ ടെണ്ടർ ആയ പ്രവൃത്തി റീ ടെണ്ടർ ചെയ്യുമ്പോൾ അവ വീണ്ടും സിംഗിൾ ടെണ്ടർ ആവുന്ന പക്ഷം ക്വട്ടേഷൻ ക്ഷണിക്കുവാൻ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ, ഈ പ്രവൃത്തിയിൽ ആദ്യ ടെണ്ടറിനേക്കാൾ കൂടിയ നിരക്ക് റീ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയോ ചട്ടപ്രകാരമുള്ള നെഗോസിയേഷൻ നടത്തുകയോ ചെയ്യാതെ കൂടിയ നിരക്ക് അംഗീകരിച്ചു. നെഗോസിയേഷൻ നടത്താതിരുന്നത് മൂലം കുറേക്കൂടി മെച്ചപ്പെട്ട നിരക്കിൽ ഓഫർ ലഭ്യമാക്കാവുന്ന അവസരം നഷ്ടപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 29-08-2016 ലെ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 03-09-2016 ൽ ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ധനവകുപ്പിന്റെ 30-7-2015 ലെ സർക്കാർ ഉത്തരവ് (പി.) നമ്പർ 324/2015 പ്രകാരമാണ് റീ ടെണ്ടറിൽ ലഭിച്ച സിംഗിൾ ടെണ്ടർ അംഗീകരിച്ചത് എന്നാണ്. എന്നാൽ ഈ പ്രവൃത്തി 2014-15 സാമ്പത്തിക വർഷം പൂർത്തിയാവുകയും തുടർന്ന് ഫൈനൽ ബിൽ നൽകുകയും ചെയ്തിട്ടുള്ളതാണ്. മാത്രമല്ല, റീ ടെണ്ടറിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിനായി ടെണ്ടറിംഗ് അധികാരി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഈ ഉത്തരവിൽ പറയുന്നുണ്ടെങ്കിലും അതൊന്നും ഈ പ്രവൃത്തിയുടെ കാര്യത്തിൽ പാലിച്ചിട്ടുമില്ല. റീ ടെണ്ടറിൽ സിംഗിൾ ടെണ്ടർ അംഗീകരിക്കേണ്ടത് വകുപ്പ്/സ്ഥാപന തലവൻ അദ്ധ്യക്ഷനും ഫിനാൻസ് ഓഫീസറും ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥനും അംഗങ്ങളുമായ ഒരു കമ്മിറ്റിയായിരിക്കണമെന്ന് ഈ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടർ അന്തിമമായി അംഗീകരിക്കുന്നതിന് മുമ്പ് ശരിയായ മൽസരം നടന്നിട്ടുണ്ടെന്നും ന്യായമായി നിരക്ക് കണ്ടെത്തിയതായും ഉറപ്പുവരുത്തേണ്ടതുമാണ്.

ഭാവിയിൽ ടെണ്ടർ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 വൗച്ചറുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

താഴെക്കൊടുത്തിട്ടുള്ള വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | വൗച്ചർ നമ്പർ | തുക | തീയതി | ഫണ്ടിനം |
|---|---|---|---|---|
| 2014-15 | | | | |
| 1 | 04/14-15 | 19125 | 24.04.14 | TSC |
| 2 | 39/14-15 | 285000 | 19.07.14 | കാറ്റഗറി -എ |
| 3 | 40/14-15 | 5494 | 19.07.14 | കാറ്റഗറി - സി |
| 4 | 59/14-15 | 99450 | 23.09.14 | കാറ്റഗറി -ബി |
| 5 | 120/14-15 | 33717 | 05.03.15 | കാറ്റഗറി -ബി |
| 6 | 121/14-15 | 55728 | 05.03.15 | കാറ്റഗറി -ബി |
| | ആകെ | 498514 | | |

| 2015-16 | | | | |
|---|---|---|---|---|
| 1 | 20/2015-16 | 72213 | 24.06.15 | കാറ്റഗറി -ബി |
| 2 | 21/2015-16 | 33356 | 24.06.15 | കാറ്റഗറി -ബി |
| 3 | 22/2015-16 | 14233 | 24.06.15 | കാറ്റഗറി -ബി |
| 4 | 39/2015-16 | 31928 | 24.07.15 | |
| 5 | 60/2015-16 | 57400 | 14.09.15 | |
| 6 | 61/2015-16 | 56900 | 01.10.15 | |
| | ആകെ | 266030 | | |

വൗച്ചറുകൾ ഹാജരാക്കാത്തതിനാൽ ചെലവ് വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇവ ഹാജരാക്കുന്നതു വരെ ചെലവ് തുക 7,64,544/- രൂപ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് റിക്വിസിഷൻ നമ്പർ 4 തീയതി 05.09.2016).

# 3-7 മുൻകൂർ ക്രമപ്പെടുത്തിയിട്ടില്ല

സർക്കാർ ഉത്തരവ്(പി.)നമ്പർ 419/11/ധന.തീയതി 04.10.2011 പ്രകാരം യഥാർത്ഥത്തിൽ ആവശ്യമുള്ള തുകയേക്കാൾ കൂടിയ തുക മുൻകൂറായി പിൻവലിക്കുന്നതും ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരിച്ചടക്കാതെ കൈവശം വെക്കുന്നതും ഫൈനൽ ബിൽ വൈകി സമർപ്പിക്കുന്നതും ഗുരുതരമായ ക്രമക്കേടാണ്. അഡ്വാൻസ് കൈപ്പറ്റി മൂന്ന് മാസങ്ങൾക്കുള്ളിൽ ഫൈനൽ ബിൽ സമർപ്പിക്കാൻ ഈ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. യഥാസമയം ഫൈനൽ ബിൽ സമർപ്പിക്കുന്നില്ലെങ്കിൽ അഡ്വാൻസായി നൽകിയ മുഴുവൻ തുകയും അനുവദിക്കപ്പെട്ട സമയപരിധിക്ക് ശേഷം 18% നിരക്കിൽ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. മുൻകൂർ രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി താഴെ പറയും പ്രകാരം മുൻകൂറായി നൽകിയ തുകകൾ ഇതുവരെ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | മുൻകൂർ അനുവദിച്ചതിന്റെ ഉദ്ദേശ്യം | വൗച്ചർ നമ്പർ | മുൻകൂർ അനുവദിച്ച തീയതി | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|---|
| 2014-15 | | | | | |
| 1 | ക്ഷീര സംഗമം 2014 | 84/14-15 | 09.11.14 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15000 |
| 2 | കേരളോത്സവം | 87/14-15 | 21.11.14 | ടി.വി ഫ്ലവിഷൻ ലാൽ, ജി.ഇ.ഒ | 45000 |
| 3 | പ്ലാൻ രൂപീകരണം 2015-16 വർക്കിംഗ് ഗ്രൂപ്പ് സ്റ്റേഷണറി | 101/14-15 | 14.01.15 | സെക്രട്ടറി | 1150 |
| 4 | പ്ലാൻ രൂപീകരണം 2015-16 ഗ്രാമ സഭ-ഭക്ഷണം | 125/14-15 | 25.03.15 | സെക്രട്ടറി | 6000 |
| | | ആകെ | | | 67150 |
| | 2015-16 | | | | |
| 5 | IWMP പരിശീലനം | 77/15-16 | 26.12.15 | ടി.ആർ. പ്രവീൺ ലാൽ, സീനിയർ ക്ലർക്ക് | 30000 |
| 6 | എം.എൻ.ആർ.ഇ.ജി.എസ്. 12/2015, 01/2016 ശമ്പളം | 96/15-16 | 08.02.16 | സെക്രട്ടറി | 56000 |

| | | | | | |
|---|---|---|---|---|---|
| 7 | എം.എൻ.ആർ.ഇ.ജി.എസ്. 02/2016 ശമ്പളം | 105/15-16 | 08.03.16 | സെക്രട്ടറി | 56000 |
| | | | | | 142000 |

ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ.5 നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. ആയതിനാൽ മേൽപ്പറഞ്ഞ 2,09,150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 2014-15 | | | | | | |
| ഐ.എ.വൈ സംസ്ഥാന വിഹിതം, അധിക ധനസഹായം | നം.സി.1329/12/ പി.എ.യു. 20.03.2013 | 28,50,000 | 28,50,000 | 285000 | - | 2565000 |
| 2015-16 | | | | | | |
| ഐ.എ.വൈ സംസ്ഥാന വിഹിതം, അധിക ധനസഹായം | നം.സി.1329/12/ പി.എ.യു. 20.03.2013 | 28,50,000 | 2565000 | 285000 | - | 2280000 |

വാർഷിക ധനകാര്യപത്രികയിൽ മേൽ വായ്പ സെക്യേർഡ് ലോൺ ആയി കാണിച്ചിട്ടില്ല. ആയത് വാർഷിക ധനകാര്യപത്രികയിലെ അപാകതയായി കാണുന്നു.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,01,91,677 | 7,84,08,427 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,68,30,087 | 8,37,01,125 |
| വരവിനങ്ങളിലുള്ള നഷ്ടം | -- | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,436 | 18,576 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,65,664 | 4,08,030 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | | സർചാർജ് ചെയ്യാവുന്നവ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | 2014-15 | 2015-16 | 2014-15 | 2015-16 | |
| 3-1 | – | -- | -- | 7,404 | എൻ.സി.ഷാജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | -- | -- | 7,436 | – | എൻ.സി.ഷാജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | -- | -- | -- | 2,853 | എൻ.സി.ഷാജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | -- | -- | -- | 8,319 | എൻ.സി.ഷാജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | | | |
|---|---|---|---|---|---|
| | | | | | എഞ്ചിനീയർ |
| ആകെ | -- | -- | 7,436 | 18,576 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | 2014-15 | 2015-16 | |
| 3-6 | 309619 | -- | എം.പി രാജൻ നായർ , സെക്രട്ടറി |
| | 99450 | -- | ജസ്റ്റിൻ പി.എ , സെക്രട്ടറി |
| | 89445 | 266030 | തങ്കപ്പൻ ആചാരി , സെക്രട്ടറി |
| 3-7 | 15000 | -- | ദിവ്യ കെ.ബി , ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| | 46150 | -- | കെ.എസ് സുരേന്ദ്രകുമാർ , സെക്രട്ടറി |
| | 6000 | -- | എൻ തങ്കപ്പൻ ആചാരി , സെക്രട്ടറി |
| | -- | 142000 | കെ.പി.രഘുനാഥൻ, സെക്രട്ടറി |
| ആകെ | 565664 | 408030 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.സി.ഷാജി , അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി , വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് | നികത്തിൽ വീട് , ചെറായി(പി.ഒ),എറണാകുളം. പിൻ – 683514 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 1998-99 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 1999-2000 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2000-01 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2001-02 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |

| | |
|---|---|
| 2002-03 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2003-04 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2004-05 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2005-06 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2006-07 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2007-08 | എൽ.എഫ്.ഇ(ബി.പി.2)68/12 , തീയതി 21.11.2013 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2)734/13 , തീയതി 13.06.2013 |
| 2009-10 | എൽ.എഫ്.ഇ(ബി.പി.2)326/12 , തീയതി 13.09.2012 |
| 2010-11 | എൽ.എഫ്.ഇ(ബി.പി.2)2175/13,തീയതി 06.03.2014 |
| 2011-12 | എൽ.എഫ്.ഇ(ബി.പി.2)2175/13,തീയതി 06.03.2014 |
| 2012-13 | എൽ.എഫ്.ഇ(ബി.പി.2)262/14 തീയതി 15.03.2014/11.04.2014 |
| 2013-14 | എൽ.എഫ്.ഇ(ബി.പി.2)225/2015 തീയതി 11.02.2015/08.04.2015 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം - 2014-15

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി)1597/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,

കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 01.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX – I

## AUDIT CERTIFICATE – 2014-15

No.KSA-EKM(BP)1597/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 01.10.2016

Certified that I have audited the Annual Financial Statement of Vypin Block Panchayat in Ernakulam District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vypin Block Panchayat for the year 2014-15 except the observations in my audit report prorperly presents the picture of income and expenditure.

Joint Director

# അനുബന്ധം 2

# ഓഡിറ്റ് സാക്ഷ്യപത്രം- 2015-16

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി)1597/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 01.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വൈപ്പിൻ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX – II

# AUDIT CERTIFICATE – 2015-16

No.KSA-EKM(BP)1597/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 01.10.2016

Certified that I have audited the Annual Financial Statement of Vypin Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vypin Block Panchayat for the year 2015-16 except the observations in my audit report prorperly presents the picture of income and expenditure.

Joint Director